॥ ओ३म् ॥

# ദയാനന്ദ സന്ദേശം



ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 9 ലക്കം : 3

സൃഷ്ടി സംവത്സരം 1972949123 കലിവർഷം 51223 വൈദിക സൗരമാസം : ഇഷ– ഊർജ
ചാന്ദ്രമാസം : ഭാദ്രപദം – ആശ്വിനം, കൊല്ലവർഷം 1197 കന്നി – തുലാം 2021 സെപ്തംബർ

വാർഷിക വരിസംഖ്യ : ₹ 100/- ദീർഘകാലം : ₹ 1500/-



ശ്രീരാമൻ

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

സെപ്തംബർ 14 : സ്വായംഭുവ മന്വാദി
മഹർഷി ദയാനന്ദസരസ്വതി ജയന്തി
സെപ്തംബർ 21 : ശ്രീനാരായണഗുരു സമാധി
സെപ്തംബർ 25 : 1921 തുവ്വൂർ കിണർ രക്തസാക്ഷി ദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



മണ്ഡലം 1 സൂക്തം 12

കാണ്വോ മേധാതിഥിർഋഷിഃ। അഗ്നിർദേവതാ। ഗായത്രീ ഛന്ദഃ। ഷഡ്ജ സ്വരഃ ॥

ഈ പന്ത്രണ്ടാം സൂക്തത്തിന്റെ ആദ്യമന്ത്രത്തിൽ ഭൗതികാഗ്നിയുടെ ഗുണങ്ങളെയാണ് ഉപദേശിക്കുന്നത്.

**അഗ്നിം ദൂതം വൃ്ണീമഹേ ഹോതാ്രം വിശ്വവേ്ദസമ് ।**

**അസ്യ യജ്ഞസ്യ് സുക്രതു്മ് ॥**

(ഋഗ്വേദം 1.12.1)

**പദാർത്ഥം :-** ഞങ്ങൾ ക്രിയാഭിലാഷകരായ മനുഷ്യർ (അസ്യ) പ്രത്യക്ഷമായി സിദ്ധിപ്പിക്കാൻ യോഗ്യമായ (യജ്ഞസ്യ) ശിൽപ്പവിദ്യാരൂപമായ യജ്ഞത്തെ (സുക്രതുമ്) ഏതൊന്നിൽ നിന്നാണോ ഉത്തമോത്തമ ക്രിയാസിദ്ധി ഉണ്ടാവുന്നത്, അതേപോലെ (വിശ്വവേദസമ്) ഏതൊന്നിൽ നിന്നാണോ ശിൽപ്പികൾക്ക് ശിൽപ്പം തുടങ്ങിയ സർവ്വസാധനങ്ങളുടേയും പ്രയോജനമുണ്ടാവുന്നത്. (ഹോതാരമ്) വാഹനങ്ങൾക്ക് വേഗത മുതലായവയെ നൽകുന്നതും (ദൂതമ്) പദാർത്ഥങ്ങളെ ഒരു ദേശത്തിൽ നിന്ന് അന്യദേശത്തിലേക്ക് എത്തിപ്പിക്കുന്നതും (അഗ്നിമ്) സർവ്വപദാർത്ഥങ്ങളേയും തന്റെ തേജസ്സിനാൽ ഛിന്ന-ഭിന്നമാക്കുന്നതുമായ ഭൗതികാഗ്നിയെ (വൃണീമഹേ) സ്വീകരിക്കുന്നു.

**ഭാവാർത്ഥം :** പണ്ഡിതർ ഏതൊന്നിന്റെ ഗുണങ്ങളാണോ പ്രത്യക്ഷവും അപ്രത്യക്ഷവുമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. അതുപോലെ പദാർത്ഥങ്ങളെ മുകളിലേക്കും താഴേക്കും പ്രാപിക്കുന്നതിനാൽ ദൂതന്റെ സ്വഭാവമുള്ളവരും ശിൽപ്പവിദ്യയാൽ ഉണ്ടാവുന്ന കലായന്ത്രങ്ങളെ ചലിപ്പിക്കുന്നതിനു കാരണവും വിമാനം തുടങ്ങിയ വാഹനങ്ങൾക്ക് വേഗത തുടങ്ങിയ ക്രിയകളെ പ്രദാനം ചെയ്യുന്നവരുമായ ഭൗതികാഗ്നിയെ ഉത്തമപ്രകാരത്തിലുള്ള വിദ്യയാൽ എല്ലാ സജ്ജനങ്ങളുടേയും ഉപകാരത്തിനു വേണ്ടിയും ഉത്തമോത്തമ സുഖങ്ങൾക്കുവേണ്ടിയും നിരന്തരം ഗ്രഹിക്കേണ്ടതാണ് എന്ന ആജ്ഞ ഈശ്വരൻ സർവ്വമാനവർക്കും നൽകുന്നു.

(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)

(തുടരും)

അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)

ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9 ലക്കം 3

സൃഷ്ടി സംവത്സരം 19729491223 കലിവർഷം 5123, വൈദിക സൗരമാസം : ഇഷ – ഊർജ

ചാന്ദ്രമാസം : ഭാദ്രപദം– ആശ്വിനം, കൊല്ലവർഷം : 1197 കന്നി – തുലാം 2021 സെപ്തംബർ

രക്ഷാധികാരി
സ്വാമി ആശുതോഷ്ജി പരിവ്രാജക്
പത്രാധിപർ : കെ.എം. രാജൻ
ഉപദേശക സമിതി
ആചാര്യ വിശ്വശ്രവഃ
ആചാര്യ വാമദേവ് ആര്യ
വി. ഗോവിന്ദദാസ്
പത്രാധിപ സമിതി : കെ.കെ. ജയൻ,
എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ
വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ

താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| വേദപുഷ്പങ്ങൾ | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| വാല്മീകിയുടെ രാമൻ | 10 |
| ഗോകരുണാനിധി | 12 |
| മാപ്പിള | 13 |
| ഹിന്ദുസംഘടന എന്തുകൊണ്ട്? | 14 |
| ഋഗ്വേദത്തിന്റെ ഋക്സംഖ്യ | 15 |
| ശ്രൗതകർമ്മകാണ്ഡത്തിന്റെ മഹത്വം | 16 |
| അഷ്ടാധ്യായി പ്രവേശിക | 17 |
| മാപ്പിള ലഹള: തിരനോട്ടം 2 | 18 |
| വാർത്തകൾ | 19 |

വിലാസം
ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് – 679 504
Ph: 7907077891, 9446017440
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org

# മുഖവാണി

## ആര്യസമാജം കേരളത്തിൽ (തുടർച്ച)



ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടന്ന പ്രവർത്തനങ്ങളെ പൊതുവെ മൂന്നായി തരം തിരിക്കാം.1. ശുദ്ധിപ്രവർത്തനം 2. സാമൂഹ്യ നവോത്ഥാന പ്രവർത്ത നങ്ങൾ, 3. വൈദിക സാഹിത്യ പ്രചാരം.

ഇവ മൂന്നും ഒരു വിധം നന്നായി കേരളത്തിൽ നടന്നിട്ടുണ്ട്. ഒന്നാമത്തേയും മൂന്നാമത്തേയും ബിന്ദുക്കൾ ഇപ്പോഴും ചെറിയതോതിൽ നടക്കുന്നുണ്ട്. എന്നാൽ ഉത്തരഭാരതത്തിൽ ഉണ്ടായിരുന്നതു പോലുള്ള ഒരുസംഘടനാപ്രവർത്തനം കേരളത്തിൽ വേണ്ടത്ര നടന്നില്ല എന്നതൊരു വസ്തുതയാണ്. ശാസ്ത്രാർത്ഥങ്ങളും വേദ വിരുദ്ധമതഖണ്ഡനവും പൊതുവെ ആര്യസമാജത്തിന് കേരളത്തിൽ നടത്താൻ സാധിച്ചില്ല എന്നതും ശ്രദ്ധേയമാണ്. ആത്മവിദ്യാസംഘം ആചാര്യനായ വാഗ്ഭടാനന്ദൻ ആണ് കേരളത്തിൽ ഈ ദൗത്യം വളരെ ധൈര്യ പൂർവ്വം നടത്തിയത് എന്നും എടുത്തുപറയേണ്ടതുണ്ട്. പ്രാതസ്മരണീയ പണ്ഡിത വേദബന്ധു ശർമ്മ, ആചാര്യ നരേന്ദ്രഭൂഷൺ, ആചാര്യ ആര്യ ഭാസ്കർജി, വേലായുധ ആര്യ എന്നിവർ

അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)

ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.

ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകിയെങ്കിലും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ അവ ഉദ്ദേശിച്ചത്ര ഫലം കണ്ടില്ല എന്നു പറയാം. മഹർഷി ദയാനന്ദ സരസ്വതി വിഭാവനം ചെയ്തതരത്തിലുള്ള ആര്യസമാജസംഘടനാ പദ്ധതിയും ഗുരുകുലങ്ങളുടെ ശക്തമായ പ്രവർത്തനവും ഉണ്ടെങ്കിൽ മാത്രമേ ഈ ദിശയിൽ പ്രവർത്തനം സാധ്യമാവുകയുള്ളൂ എന്നതിൽ ആർക്കും തർക്കമില്ല എന്നു തോന്നുന്നു. നേരത്തെ സൂചിപ്പിച്ച മഹാപുരുഷന്മാർ ഇക്കാര്യത്തിന് കഠിനാധ്വാനം ചെയ്തിരുന്നു. അവർ വെട്ടിത്തെളിച്ച വഴിയിലൂടെയാണ് നാം ഇപ്പോൾ സഞ്ചരിക്കുന്നത് എന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരും ഓർക്കേണ്ടതാണ്. വ്യക്തികൾക്കല്ല, മഹർഷിയുടെ വിചാരധാരകൾക്കാണ് പ്രാമുഖ്യം നൽകേണ്ടത് എന്ന് സൂചിപ്പിക്കുന്നുവെന്നുമാത്രം. അത്തരത്തിലുള്ള ഒരു സംഘടനാ പ്രവർത്തനത്തിന് 2012 മുതൽ വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ പരിശ്രമം നടക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ വെള്ളിനേഴിയിലും കാറൽമണ്ണയിലും ആര്യസമാജം നേതൃത്വം നൽകുന്ന വൈദിക ഗുരുകുലങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇനിയും ഒരുപാട് മുന്നോട്ട് പോകാനുണ്ട്. ആദ്യകാല ആര്യപ്രചാരകന്മാർ വിഭാവനം ചെയ്ത വൈചാരിക വിപ്ലവത്തിന് കേരളത്തെ സജ്ജമാക്കേണ്ടതുണ്ട്. അതിനാദ്യം അറിയപ്പെടുന്നവരും അല്ലാത്തവരുമായ ആദ്യകാല ആര്യപ്രചാരകരെ ഒന്നു സ്മരിക്കാം. കേരള ചരിത്രത്തിൽ അവർക്ക് അർഹിക്കുന്ന സ്ഥാനം ലഭിച്ചിട്ടില്ല അതാവട്ടെ നമ്മുടെ ആദ്യത്തെ പ്രയത്നം.

(തുടരും)

പത്രാധിപർ


ഋഗ്വേദം യജുർവേദം

ആര്യസമാജം കേരളം

ഋഗ്വേദം യജുർവേദം ओ३म् സാമവേദം അഥർവ്വവേദം

**ദയാനന്ദ സന്ദേശം വൈദിക - ദാർശനിക മാസിക**

**സത്യ-സനാതന-വൈദികധർമ്മ സന്ദേശം!**
**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ**
**വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മം) ത്തിന്റെ പാഞ്ചജന്യം!**

സൗജന്യ മാതൃകാ കോപ്പിയ്ക്ക് ₹ 1/- സ്റ്റാമ്പ് അയക്കുക
വാർഷിക വരിസംഖ്യ ₹100/- ദീർഘകാലം ₹ 1500/-
വരിസംഖ്യ ( M.O) അയ്ക്കേണ്ട വിലാസം :
വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം
ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് - 679 504
Email:dayanandasandesam@gmail.com
WhatsApp us on +91 7907077891, Google Pay No 9562529095
If you transfer Money through bank, kindly share the screen shot and your complete Postal address (With PIN) to us through our WhatsApp (+91 7907077891) or Email

DAYANANDA SANDESAM
Bank Account No:4264000100072426, IFSC Code : PUNB 0426400,
PUNJAB NATIONAL BANK, CHERPALCHERI BRANCH

സാമവേദം അഥർവ്വവേദം


ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

## 4. വേദവിഷയവിചാരഃ

അതിനാൽ അതിന്റെ നിവാരണം ചെയ്യലും മനുഷ്യന്റെ തന്നെ കർത്തവ്യമാണ്. ഈശ്വരൻ സത്യഭാഷണം മുതലായ ധാർമ്മിക വ്യവഹാരങ്ങൾ പാലിക്കാനാണ് ആജ്ഞ നൽകിയിരിക്കുന്നത്. മിഥ്യാഭാഷണം മുതലായവക്കല്ല. (ഇതിനു മുമ്പത്തെ സംസ്കൃതഭാഗത്തിന്റെ രണ്ടാമത്തെ അടിക്കുറിപ്പ് നോക്കേണ്ടതാണ്.) ആരാണോ ഈ ആജ്ഞക്കുവിരുദ്ധമായി ആചരിക്കുന്നത് അയാൾ അത്യന്ത പാപിയായിത്തീർന്ന് ഈശ്വരന്റെ ന്യായവ്യവസ്ഥയാൽ ദുഃഖങ്ങളനുഭവിക്കുന്നു. ഇപ്രകാരം തന്നെ ഈശ്വരൻ യജ്ഞങ്ങളനുഷ്ഠിക്കാനായി മനുഷ്യർക്ക് ആജ്ഞ നൽകുന്നു. (കഴിഞ്ഞ സംസ്കൃതഭാഗത്തിലെ മൂന്നാമത്തെ അടിക്കുറിപ്പ് നോക്കുക.) ആരാണോ അവ അനുഷ്ഠിക്കാത്തത് അയാളും പാപിയായിത്തീർന്ന് ദുഃഖത്തിന്റെ ഭാഗഭാക്കാവുന്നു.

(ഇതിനു മുമ്പ് വൈ.യ. അച്ചടിച്ചതിൽ ഭാഷാർത്ഥമെന്ന പദത്തിന്റെ നിർദ്ദേശമുണ്ട്. ഇത് സംസ്കൃതഭാഗത്തിലെ പൂർവ്വഭാഗവുമായി ബന്ധപ്പെട്ടതിനാൽ നാം (യുധിഷ്ഠിര മീമാംസക്ജി) ഇതിനെ മുമ്പുള്ള സംസ്കൃതഭാഗത്തിന് ശേഷമാണ് അച്ചടിച്ചിരിക്കുന്നത്. അതിനാൽ ഭാഷാർത്ഥമെന്ന പദം സന്ദർഭോചിതമല്ലാത്തതിനാൽ അത് മാറ്റിയിരിക്കുന്നു.) എന്തുകൊണ്ടെന്നാൽ സർവ്വപ്രാണികൾക്കും ഉപകാരപ്രദമായ യജ്ഞം അനുഷ്ഠിക്കാതിരിക്കുന്നത് മനുഷ്യർക്ക് ദോഷമുണ്ടാക്കുന്നതാണ്. എവിടെയാണോ മനുഷ്യർ മുതലായ സമൂഹങ്ങൾ അത്യധികം നിവസിക്കുന്നത് അവിടെ അത്രകണ്ട് ദുർഗന്ധവും വർധിക്കുന്നു. ഈശ്വര സൃഷ്ടിയാൽ ഉണ്ടാവുന്നതല്ല ഇത്. മറിച്ച് മനുഷ്യർ തുടങ്ങിയ പ്രാണികൾ മുഖേന ഉൽപ്പന്നമാവുന്നതാണ്. എന്തെന്നാൽ ആന തുടങ്ങിയവയുടെ സമൂഹങ്ങളെ മനുഷ്യൻ സ്വാർത്ഥസിദ്ധിക്ക് വേണ്ടിയാണ് പ്രയോജനപ്പെടുത്തുന്നത്. ഇതുമൂലം ആ മൃഗങ്ങളിൽ നിന്നും ഉൽപ്പന്നമാവുന്ന ഭൂരിഭാഗം ദുർഗ്ഗന്ധങ്ങളും മനുഷ്യരുടെ സുഖത്തോടുള്ള പ്രതിപത്തി മൂലമുണ്ടാകുന്നതാണ്. ഇതിൽ നിന്നും മനസ്സിലാവുന്നത് എന്തെന്നാൽ വായു, മഴവെള്ളം എന്നിവയെ മലിനപ്പെടുത്തുന്ന ദുർഗന്ധങ്ങൾ മനുഷ്യർ നിമിത്തമാണ് ഉൽപ്പന്നമാവുന്നത് എന്നാണ്. അതിനാൽ അതിന്റെ നിവാരണവും മനുഷ്യർ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

എത്രകണ്ട് ദേഹധാരികൾ ലോകത്തുണ്ടോ അവയിൽ മനുഷ്യനാണ് ഉത്തമനായിട്ടുള്ളത്. അവരാണ് ഉപകാരങ്ങളും അനുപകാരങ്ങളും അറിയാൻ യോഗ്യനായിട്ടുള്ളത്.

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

അധ്യായം : 1

## മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)

(ഝ) റഷ്യയിലെ സാമൂഹ്യ വിചക്ഷണനായ പി.ഡി. ഔസ്പെൻസ്കി (P.D Ouspensky) തന്റെ ഗ്രന്ഥമായ A New model of the universe ൽ മനുസ്യൃമതിയിൽ വർണ്ണിക്കുന്ന വർണ്ണവ്യവസ്ഥയെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് അതിനെ സർവ്വോത്തമ സമാജവ്യവസ്ഥയായി പറയുന്നുണ്ട്. "മനുവിന്റെ വർണ്ണാശ്രമ വ്യവസ്ഥ മാനവസമാജത്തിലെ അതിശ്രേഷ്ഠമായ വ്യവസ്ഥയാണ്. ഗുണകർമ്മ ങ്ങളിൽ അധിഷ്ഠിതമായ വർണ്ണവ്യവസ്ഥയേക്കാൾ ശ്രേഷ്ഠമായ മറ്റൊരു സമാജവ്യവസ്ഥ മാനവസമാജത്തിനു ചിന്തിക്കാൻ പോലും കഴിയുന്നതല്ല. മനുവിന്റെ വർണ്ണവ്യവസ്ഥ കമ്യൂണിസം, മൂലധന സിദ്ധാന്തം എന്നീ ദോഷങ്ങ ളിൽ നിന്ന് മുക്തമാണ് എന്നതിനോടൊപ്പം ഇവയുടെ സവിശേഷതകളും അതിൽ അന്തർലീനമാണ്. മനുവിന്റെ വർണ്ണവ്യവസ്ഥ സമാജത്തിൽ വീണ്ടും നിലവിൽ വരാത്തിടത്തോളം കാലം മാനവജാതിയുടെ സമഗ്രമായ വളർച്ച സാധ്യമല്ല."

(ഞ) ഇംഗ്ലണ്ടിലെ പ്രസിദ്ധ എഴുത്തുകാരനായ ജി. എച്ച്. മീജ് വർണ്ണവ്യവ സ്ഥയുടെ ആദ്യത്തെ മൂന്നു വർണ്ണങ്ങളിലായി സമാജത്തെ വിഭജിച്ചുകൊണ്ട് പറയുന്നു- ഈ വ്യവസ്ഥ നിലവിൽ വന്നാൽ ഭൂമി സ്വർഗ്ഗമായിത്തീരുന്നതാണ്. (Work, Wealth and Happiness of Mankind)

(ട) ലോകത്തിലെ ഈ വ്യവസ്ഥയുടെ പ്രസരണത്തെക്കുറിച്ച് ഡോ. അംബ്ദേകർ ഇപ്രകാരം പറയുന്നു. "ചാതുർവർണ്യ പദ്ധതി സമ്പൂർണ്ണ വിശ്വത്തിൽ വ്യാപ്തമായിരുന്നു. ഇത് ഈജിപ്തിലെ നിവാസികളിലും പ്രാചീന പേർഷ്യക്കാരിലും നിലനിന്നിരുന്നു. പ്ലാറ്റോ (Plato) ഈ വ്യവസ്ഥയുടെ ഉൽകൃഷ്ടതയിൽ ആകൃഷ്ടനായിക്കൊണ്ട് സാമാജികസംഘടനയുടെ ആദർശമായി ഇതിനെ പറഞ്ഞിരുന്നു." ഡോ അബ്ദേകർ വാങ്മയ് ഖണ്ഡ് 7 പേജ് 210)

(തുടരും)

ഈശാവാസ്യമിദം സർവ്വം (യജു.40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.

(മുൻലക്കത്തിന്റെ തുടർച്ച)



# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

## ദേവീസൂക്തം (തുടർച്ച.....)

വാഗാംഭൃണീ ഋഷിഃ। വാഗാംഭൃണീ ദേവതാ।

വിരാഡ് ത്രിഷ്ടുപ് ഛന്ദഃ। ധൈവതഃ സ്വരഃ ॥

അഹം രാഷ്ട്രീ സംഗമനീ വസൂനാം ചികിതുഷീ പ്രഥമാ യജ്ഞിയാനാമ് ।

താം മാ ദേവാ വ്യദധുഃ പുരുത്രാ ഭൂരിസ്ഥാത്രാം ഭൂര്യാവേശയന്തീമ് ॥

(ഋഗ്വേദം 10.125.3)

**അന്വയാർത്ഥം :** (അഹം രാഷ്ട്രീ) ഞാൻ ജഗദ്രൂപിയായ രാഷ്ട്രത്തിന്റെ സ്വാമിനി ആവുന്നു. (വസൂനാം സങ്ഗമനീ) ഞാൻ സകല ധനങ്ങളും സംഗതീകരിക്കുന്നവളും = പ്രാപിക്കുന്നവളും (യജ്ഞിയാനാമ്) ശ്രേഷ്ഠ കർമ്മങ്ങളെ (പ്രഥമാ) പ്രഥമമായി= പ്രമുഖമായി (ചികിതുഷീ) ജാഗ്രതപ്പെടുത്തുന്നവളുമാകുന്നു. (ഭൂരിസ്ഥാത്രാമ്) അനേകം രൂപങ്ങളിൽ സ്ഥിതി ചെയ്യുന്നതും (ഭൂരി ആവേശയന്തീമ്) ജഡ- ജങ്ഗമ പദാർത്ഥങ്ങളിൽ ബഹുരൂപത്താൽ പ്രവേശിപ്പിച്ചുകൊണ്ടിരിക്കുന്നവളുമായ (താം മാ) എന്നെ (ദേവാഃ) പണ്ഡിതർ (പുരുത്രാ) അനേകം രൂപങ്ങളിൽ (വ്യദധുഃ) വർണ്ണിക്കുന്നു.

**ഭാവാർത്ഥം :** പാരമേശ്വരീയമായ ജ്ഞാനശക്തി ജഗദ്രൂപിയായ രാഷ്ട്രത്തിന്റെ സ്വാമിനിയാണ്. ധനങ്ങളെ പ്രാപിപ്പിക്കുന്നവരും യജ്ഞസംബന്ധമായ കർമ്മങ്ങളെ പ്രതിപാദിപ്പിക്കുന്നവരും അതേശക്തി തന്നെയാണ്. അനേകം വിദ്യാപരമായ സ്ഥാനങ്ങളുള്ളതും സർവ്വപദാർത്ഥങ്ങളിലും പ്രവേശിച്ചിട്ടുള്ളതുമായ അതിനെ പണ്ഡിതർ അനേകം രൂപങ്ങളിൽ വർണ്ണിക്കുകയും അറിയുകയും വേണം. പരമേശ്വരീയ ശക്തിയെ അനേകം പ്രകാരത്തിൽ വർണ്ണിക്കുന്നതിനേക്കുറിച്ച് ഋഗ്വേദം ഒന്നാം മണ്ഡലം നൂറ്റി അറുപത്തിനാലാം സൂക്തത്തിലെ നാൽപ്പത്തിയാറാം മന്ത്രത്തിലും പറയുന്നുണ്ട്.'ഏകം സദ്വിപ്രാ ബഹുധാ വദന്ത്യഗ്നിം യമം മാതരിശ്വാനമാഹുഃ' അതായത് ഒരേ ഒരു പരമേശ്വരനെ പണ്ഡിതർ വിവിധ നാമങ്ങളാൽ വർണ്ണിക്കുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

**വൃക്ഷാഗ്രഗർഭസംഭൂതാ, മാരിഷാഖ്യാ വരാനനാ ।**

**താം പ്രദാസ്യന്തി വോ വൃക്ഷാഃ, കോപ ഏഷ പ്രശാമ്യതാമ് ॥**

**കണ്ഡോരപത്യമേവം സാ, വൃക്ഷേഭ്യശ്ച സമുദ്ഗതാ ।**

**മമാപത്യമ് തഥാ വായോഃ പ്രമ്ലോചാതനയാ ച സാ ॥**

**(വിഷ്ണുപുരാണം അംശം 9, അധ്യായം 15, ശ്ലോകം 50– 51)**

**ഭാവാർത്ഥം :** വൃക്ഷാഗ്രത്തിൽ നിന്ന് ഉൽപ്പന്നമായ ഈ മാരിഷ എന്ന സുമുഖിയായ കന്യക നിങ്ങൾക്ക് വൃക്ഷങ്ങൾ സമർപ്പിക്കും. അതിനാൽ ഈ ക്രോധത്തെ ഇപ്പോൾ ശാന്തമാക്കിയാലും.

ഇപ്രകാരം വൃക്ഷങ്ങളിൽ നിന്ന് ഉൽപ്പന്നമായ ആ മാരിഷ എന്ന കന്യക പ്രമ്ലോചയുടേയും കാണ്ഡുമുനിയുടേയും പുത്രിയാണ്. കൂടാതെ എന്റേയും വായുവിന്റേയും കൂടി സന്താനമാണ്. ഇത് സോമൻ അഥവാ ചന്ദ്രന്റെ വചനമാണ്.

**ഭവിഷ്യന്തി മഹാവീര്യാ, ഏകാസ്മിന്നേവ ജൻമനി।**

**പ്രഖ്യാതോ ദാരകർമ്മാണോ ഭവത്യാഃ പതയോ ദശാ ॥**

**ദശഭ്യസ്തു പ്രചേതാഭ്യോ, മാരിഷായാം പ്രജാപതിഃ॥**

**യജ്ഞേ ദക്ഷോ മഹാഭാഗോ, യഃ പൂർവ്വ ബ്രഹ്മണോऽഭവത് ॥**

**(വിഷ്ണുപുരാണം അംശം 1, അധ്യായം 15 ശ്ലോകം 68,74)**

**ഭാവാർത്ഥം :** നിന്റെ ഒരേയൊരു ജന്മത്തിൽ വലിയ പരാക്രമികളും വിഖ്യാതരും കർമ്മവീരരുമായ പ്രചേതസ്സ് എന്നു പേരായ പത്തു പതിമാർ ഉണ്ടാകും.

ആ പത്തു പ്രചേതസ്സുകളിൽ നിന്നുമായി ആ മാരിഷക്ക് മഹാഭാഗനായ ദക്ഷപ്രജാപതിയുടെ ജനനമുണ്ടായി. നേരത്തെ അദ്ദേഹം ബ്രഹ്മാവിൽ നിന്ന് ഉൽപന്നമായതായിരുന്നു.

**സാരാംശം :** ഋഷിമാർ അഥവാ പ്രചേതസ്സുകൾ ഘോര തപസ്സ് ചെയ്തു കൊണ്ടിരിക്കുന്ന അവസരത്തിൽ ഇന്ദ്രൻ അതിന് ഭംഗം വരുത്തുന്നതിന് 'പ്രമ്ലോച' എന്ന അപ്സരസ്സിനെ അയച്ചു. അവൾ കാണ്ഡു ഋഷിയെ തന്റെ പ്രേമബന്ധത്തിലാക്കി. ഈ പ്രചേതസ്സുകൾ ആരാണ്? ഇവരെക്കുറിച്ച് വായനക്കാർക്ക് കൂടുതൽ അറിയണമെങ്കിൽ വിഷ്ണുപുരാണം ഒന്നു വായിച്ചു നോക്കുക. അതിൽ ഇത്തരം നിരവധി കെട്ടുകഥകൾ കാണാം. തലയും കാലുകളുമില്ലാത്ത വിചിത്ര കഥകൾ അതിൽ ധാരാളമുണ്ട്.

(തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**

**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

മുകളിലുള്ള ദർബാർ-ലോകസഭാ -ഹാളിന്റെ പിൻഭിത്തിമേൽ തിരുവില്ല്വാദ്രിയിലെ പുനർജനിഗുഹപോലെ, പാമ്പിൻഗതി സദൃശം വളഞ്ഞുതിരിഞ്ഞു പോകുന്നൊരു ഗുഹ പടുത്തുണ്ടാക്കിയിട്ടുണ്ട്. ആ ദ്വാരത്തിലൂടെ 24 മണിക്കൂറും വിദ്യുത്പങ്കയെന്നോണം വെളിയിലെ ശുദ്ധവായു വഹിച്ചു വന്ന് ആ ഹാളിലെല്ലാം പരത്തുന്നു. ആധുനിക വിജ്ഞാനോദ്ദണ്ഡന്മാർ ഇത് കണ്ട് അന്തംവിട്ട് മേലോട്ട് നോക്കുകയാണ്. ഭാരതത്തിന്റെ വായു വിദ്യാജ്ഞാന വൈദഗ്ധ്യം കണ്ടിട്ട് . ഒരു കാലത്ത് നാം വിജ്ഞാനത്തിന്റെ സർവ്വോച്ചശിഖരോപരി സ്നിഗധോദരത്യാഗപ്രതീകമായ കാവടി പറപ്പിച്ച് ലോകഗുരുപാദമലങ്കരിച്ചിരുന്നവരായിരുന്നുവെന്നതിന്റെ തെളിവാണിത്. ഐശ്വര്യാഢംഭരതയിലാഴുക നിമിത്തം രാവണദുര്യോധനാദികളെപ്പോലെ അസൂയാലുക്കളായി തമ്മിലടിച്ച് പരമേശ്വരപ്രഭു സദയ്യം തന്ന സർവ്വസ്വവും കളഞ്ഞു കുളിച്ച് അടിമകളായി ഇന്റീസുകളായി (ഇന്ത്യൻസായ്വ്)ത്തീർന്നു. നാമാരെന്നും നമുക്കെന്തുണ്ടെന്നുമറിയാൻ കഴിവില്ലാത്ത മൂഢപ്രഭൃതികളും വിഴുപ്പലക്കികളും ഉച്ഛിഷ്ടഭോക്താക്കളും പിച്ചപ്പാള നീട്ടുന്നവരുമാക്കി നമ്മളെ മാറ്റി. ക്രോഷ്ടാക്കളായ (കുറുക്കൻ) കരടകഭമനകൻമാർ. അഭിമാനാപമാനാപ കർഷതാസംവേദനാദിവികാര സംഘർഷങ്ങളാൽ വീർപ്പുമുട്ടി സ്തംഭിച്ചുനിന്നു പോയി പാച്ചൻ

"എന്താ, അന്തം വിട്ട് നിക്കണ്? നമുക്കിനി മടങ്ങല്ല്യേ?" പത്മനാഭൻനായർ പാച്ചനെ ഹെലികോപ്റ്ററിൽ നിന്ന് താഴേ ഇറക്കി.

"ഭാരതത്തിന്റെ ശുഭനാമം 'ഇന്ത്യ'യായി സങ്കോചിച്ചു ഭ്രംശിച്ച അവസ്ഥാന്തരം കണ്ട് ചിന്താവിഷ്ടനായിപ്പോയതാണ്. അഃ, ഒരു കാര്യം മറന്നു പറയാൻ." പാച്ചൻ ഓർമ്മിച്ചു ചോദിച്ചു.

"അതോ, ഞാൻ സാമാനങ്ങൾ എല്ലാം ഗാന്ധ്യാശ്രമത്തിൽ വെച്ചിട്ടാണ് പോന്നിരിക്കുന്നത്. അതെടുത്തുപോരേണ്ടേ? പിന്നെ, ഗാന്ധിജിയുമായി കൂടിക്കാഴ്ച സമയം 5 മണിക്ക് പോകുന്നതിനുമുമ്പാണത്രെ. കാണാൻ പറ്റുമെങ്കിൽ ഒന്നുകണ്ടുവണങ്ങിപ്പോരണമെന്ന മോഹം കൂടിയുണ്ട്." പാച്ചൻ തന്റെ ചിരകാലാഭിലാഷം പ്രകടമാക്കി.

(തുടരും)

യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)

ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു



# വാല്മീകിയുടെ രാമൻ : സത്യവും മിഥ്യയും

കെ.എം രാജൻ

## ആമുഖം

ലോകത്തെ ഏറ്റവും പ്രാചീനമായ ഇതിഹാസങ്ങളാണ് വാല്മീകിരാമായണവും വ്യാസമഹാഭാരതവും. അനേകം മഹാപുരുഷന്മാർ കാലാകാലങ്ങളിൽ ഈ ഭൂമിയിൽ ജന്മമെടുത്തിട്ടുണ്ട്. എന്നാൽ വിശ്വ ഇതിഹാസത്തിലും സാഹിത്യത്തിലും സംസ്കാരത്തിലും ഏറ്റവുമധികം സ്വാധീനം ചെലുത്തിയ രണ്ടു മഹാപുരുഷന്മാർ ജനിച്ചത് ആര്യാവർത്ത ത്തിലാണ്. മര്യാദാപുരുഷോത്തമനായ ശ്രീരാമനും യോഗേശ്വരനായ ശ്രീകൃഷ്ണനുമാണത്. യഥാക്രമം വാല്മീകി രാമായണത്തിലും മഹാഭാരതത്തിലും ഈ ചരിത്രപുരുഷന്മാരുടെ വർണ്ണന വിസ്തരിച്ചു പറയുന്നുണ്ട്. ഭാരതീയ ജനമാനസങ്ങളിൽ ഇത്രയും സ്വാധീനം ചെലുത്തിയ വ്യക്തികൾ വേറെയുണ്ടോ എന്ന് സംശയമാണ്. ആദർശത്തിന്റേയും ധർമ്മത്തിന്റേയും രാഷ്ട്രതന്ത്രജ്ഞതയുടേയും ജ്ഞാനത്തിന്റേയും മൂർത്തിമത് ഭാവങ്ങളായിരുന്നു ഈ ഇതിഹാസ നായകർ.

എന്നാൽ ദീർഘകാലമായുണ്ടായ വിദേശാധിപത്യവും വേദവിരുദ്ധമതങ്ങളുടെ പ്രചാരണങ്ങളും മൂലം നമ്മുടെ മഹത്തായ ഈ ഇതിഹാസങ്ങളും ധാരാളം പ്രക്ഷിപ്തവൽക്കരിക്കപ്പെട്ടു. ഋഷീശ്വരന്മാരായ വാല്മീകിയും വ്യാസനും പറയാത്ത കാര്യങ്ങൾ ഇപ്പോൾ ലഭ്യമായ വാല്മീകിരാമായണത്തിലും മഹാഭാരതത്തിലും ഉണ്ടെന്നുവരുത്തി തീർക്കാൻ ആധുനിക കാലത്ത് ശക്തമായ ഒരു സംഘടിതശ്രമം നടക്കുന്നുണ്ട്. നമ്മുടെ സാമൂഹ്യമാധ്യമങ്ങളിലൂടെ ശ്രീരാമനേയും ശ്രീകൃഷ്ണനേയും വികൃതമായി ചിത്രീകരിക്കാൻ ഒരുകൂട്ടർ ആസൂത്രിതമായി പരിശ്രമിക്കുന്നുണ്ട്. മറ്റു മതസ്ഥരേപ്പോലെ ധാർമ്മികകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധയുള്ളവരല്ല ഹിന്ദുക്കൾ എന്ന് അറിയപ്പെടുന്നവർ. നമ്മുടെ യുവതലമുറയിലെ നല്ലൊരു വിഭാഗവും നാസ്തിക മതങ്ങൾക്കടിമപ്പെട്ടവരോ ഭാരതീയമായതെല്ലാം മോശമായതായി കരുതന്നവരോ ആണ്. ഒരു അഞ്ചുവയസ്സുള്ള ഇതരമതവിഭാഗങ്ങളിലെ കുട്ടികൾക്കുള്ള മതവിജ്ഞാനം പോലും അമ്പതുവയസ്സു തികഞ്ഞ നമ്മുടെ ഹൈന്ദവരിൽ വേണ്ടത്ര കാണുന്നില്ല. ഈ പരിതസ്ഥിതിയിൽ ഹൈന്ദവ വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കാൻ സാമൂഹ്യ മാധ്യമങ്ങളിലൂ ടെയുള്ള തെറ്റായ പ്രചാരണങ്ങൾ ഏറെ സഹായിക്കുന്നുണ്ട്. അതിനെ സമർത്ഥമായി പ്രതിരോധിക്കാൻ വേണ്ടത്രശ്രമം

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)

ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

നടന്നു കാണുന്നില്ല. അതിനൊരു പരിഹാരമെന്ന നിലയിൽ ഈ പങ്ക്തിയിലൂടെ വാല്മീകിയുടെ അനശ്വരമായ രാമകഥയെ വികൃതമാക്കുന്നവർക്ക് ഒരു മറുപടി നൽകാൻ ശ്രമം നടത്തുകയാണ്. 'വാല്മീകിയുടെ രാമൻ : സത്യയും മിഥ്യയും' എന്ന ഈ ലേഖനത്തിൽ വാല്മീകി രാമായണത്തിനു നേരെ തത്പരകക്ഷികൾ ഉയർത്തുന്ന വ്യാജപ്രചാരണങ്ങളെ തുറന്നുകാട്ടാൻ ശ്രമിക്കുകയാണ്. വായനക്കാർക്ക് വാല്മീകി രാമായണവുമായി ബന്ധപ്പെട്ടുള്ള സംശയങ്ങളുടെ നിവാരണത്തിനും ഇതുപകരിക്കും എന്നു തോന്നുന്നു. അത്തരം സംശയങ്ങൾക്ക് dayanandasandesam@gmail.com എന്ന ഈമെയിൽ വിലാസത്തിലോ 7907077891 എന്ന വാട്സപ്പ് നമ്പറിലോ സംശയം ഉന്നയിക്കുന്ന വ്യക്തിയുടെ പൂർണ്ണവിലാസവും ഫോൺ നമ്പറും സഹിതം അയക്കാവുന്നതാണ്. അവക്കുള്ള മറുപടിയും ഈ പങ്തിയിലൂടെ നൽകാൻ ശ്രമിക്കുന്നതാണ്.

'വാല്മീകിയുടെ രാമൻ' എന്ന പേരിൽ ചിലർ യൂടൂബ് വഴി വിഷപ്രചാരണം നടത്തുന്നതിനുള്ള മറുപടി തന്നെയാവട്ടെ ആദ്യം. ആ വീഡിയോയിലെ പ്രസക്ത വിമർശനങ്ങളും (ആക്ഷേപങ്ങൾ) അവക്കുള്ള മറുപടിയും ആദ്യം നൽകുന്നു.

(പത്രാധിപർ)

# വാല്മീകിയുടെ രാമൻ : സത്യയും മിഥ്യയും


**ആക്ഷേപം 1 :** അയോധ്യയിൽ ജാതിവ്യവസ്ഥ നിലനിന്നിരുന്നു. ഉദാ:- അവിടെ ക്ഷത്രിയർ ബ്രാഹ്മണരേയും വൈശ്യർ ക്ഷത്രിയരേയും ശൂദ്രർ സ്വകർമ്മനിരതരായും ജീവിക്കുന്നു.

**മറുപടി :** വാല്മീകി രാമായണം ബാലകാണ്ഡം 6-ാം സർഗ്ഗത്തിലെ 19-ാം ശ്ലോകമായ 'ക്ഷത്രം ബ്രഹ്മമുഖം ചാസീദ് വൈശ്യാഃ ക്ഷാത്രമനുവ്രതാഃ.....' എന്ന ശ്ലോകം ചൂണ്ടിക്കാട്ടിയാണ് ഈ ആരോപണം ഉന്നയിക്കുന്നത്. ഇവിടെ പറയുന്ന ബ്രാഹ്മണ-ക്ഷത്രിയ- വൈശ്യ- ശൂദ്രർ ജാതിയല്ല. വർണ്ണമാണ്. വർണ്ണവ്യവസ്ഥ ജാതിവ്യവസ്ഥയല്ല. രാമായണകാലത്ത് നായരും നമ്പൂതിരിയും ഈഴവനും ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ എല്ലാകാലത്തേയും പോലെ പുരോഹിതരും, ഭരണാധികാരികളും, കച്ചവടക്കാരും, സാധരണ ജോലിക്കാരും ഉണ്ടായിരുന്നു. അതൊന്നും ജന്മനായുള്ള ജാതിവ്യവസ്ഥയുടെ ഭാഗമായിരുന്നില്ല.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10. 28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# ഗോകരുണാനിധി

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

അതിനാൽ പരോപകാരികളായവർ ഈ മൃഗങ്ങളെ സംരക്ഷിക്കുന്നതിനായി സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നുവരെ വേദോക്തമായ രീതിയിൽ കർമ്മം ചെയ്തതുപോലെ പ്രവർത്തിക്കണം.

ഈശ്വരന്റെ സൃഷ്ടിക്രമത്തിനനുസരിച്ച് പരോപകാരത്തിനായി തന്റെ തന-മന-ധനാദികൾ നൽകിവന്നിട്ടുള്ള ആര്യാവർത്തത്തിലെ ദേശവാസികളായ ആര്യന്മാർ ധന്യരാണ്. അതിനാലാണ് ആര്യാ വർത്തത്തിലെ രാജാക്കന്മാരും, മഹാരാജാക്കന്മാരും പ്രധാനികളും ധനാഢ്യന്മാരും ഭൂമിയുടെ പകുതിഭാഗം വനമായി നിലനിർത്തിയത് പക്ഷിമൃഗാദികളുടെ സംരക്ഷണത്തിനും ഔഷധികൾ നട്ടുവളർത്തുന്നതിനും പാൽ തുടങ്ങിയ പവിത്രവസ്തുക്കൾ ഉണ്ടാക്കുന്നതിനും അവയുടെ ഉപഭോഗം മൂലം ആരോഗ്യം, ബുദ്ധി, ബലം, പരാക്രമം തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനുമായിരുന്നു. കൂടുതൽ വൃക്ഷങ്ങൾ ഉണ്ടായാൽ മഴവെള്ളവും വായുവിൽ ആർദ്രതയും ശുദ്ധിയും കൂടുതലുണ്ടാവും. പക്ഷിമൃഗാദികൾ കൂടുതലായാൽ വളക്കൂർ കൂടുതൽ ഉണ്ടാവും. എന്നാൽ ഇക്കാലത്തെ മനുഷ്യർ ഇതിനു വിരുദ്ധമായി പെരുമാറുന്നു. കാട് വെട്ടിത്തെളിക്കുക, മൃഗങ്ങളെ കൊന്നുതിന്നുക, വിസർജ്യപദാർത്ഥങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇടുക അഥവാ ഇടുവിപ്പിച്ച് രോഗങ്ങൾ പരത്തി ലോകത്തിനു ദോഷം ചെയ്യുക എന്നിവ ചെയ്യുന്നു. സ്വന്തം കാര്യം നേടാൻ കൂടുതൽ ഉൽസുകരാവുകയും മറ്റുള്ളവർക്ക് പ്രയോജനം ചെയ്യുന്നതിൽ വിമുഖരാവുകയും ചെയ്യുന്നു. ഇവയെല്ലാം വിരുദ്ധാചാരങ്ങൾ ആണ്.

'വിഷാദപ്യമൃതങ്ഗ്രാഹ്യമ്' വിഷയത്തിൽ നിന്നുപോലും അമൃതം എടുക്കുകയെന്നതാണ് സത്പുരുഷന്മാരുടെ സിദ്ധാന്തം, വിഷം പോലെ മഹാരോഗകാരകമായ മാംസം ഉപേക്ഷിച്ച് അവയിൽ നിന്നുണ്ടാകുന്ന പാൽ തുടങ്ങിയ അമൃതായ രോഗനാശകവസ്തുക്കൾ സ്വീകരിക്കണം.

(തുടരും)

തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)
ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !



(മുൻ ലക്കത്തിന്റെ തുടർച്ച)

# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 2

**ആ** പാമ്പിനെ ഫണീന്ദ്രൻ......ഫണീന്ദ്രൻ എന്നു വിളിച്ച് രണ്ടു കുട്ടികളും അതുമായി കളിക്കാൻ തുടങ്ങി. അവർ ചൂളം വിളിച്ച് അതിനെ വിളിച്ചാൽ അത് ഉടൻ ഓടിവരുമായിരുന്നു. അവർ കളിക്കുന്നതിനിടെ രണ്ടു മൂന്നു പാമ്പുകൾ കൂടി അവിടെ വന്നു. അവയും മാളത്തിൽ നിന്നിറങ്ങി വന്ന് ആ കുട്ടികളുമായി കളിക്കാൻ തുടങ്ങി.

എങ്ങനെയാണോ നിങ്ങൾ വീടുകളിൽ പട്ടി, പൂച്ച എന്നിവയെ വളർത്തുന്നത് അതുപോലെ മലബാറിലെ എല്ലാ ജാതിവിഭാഗക്കാരും വീടിന്റെ മുറ്റത്ത് സർപ്പങ്ങൾക്ക് നിവാസസ്ഥാനമൊരുക്കിയിരുന്നു. പട്ടിയും മനുഷ്യന്റെ ജീവന് ഭീഷണിയായിത്തീരാമെന്ന് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ പോലുമാവില്ല. അതേപോലെ ഇവിടുത്തെ ജനങ്ങൾ പാമ്പുകളേയും ഭയപ്പെടുന്നില്ല. എന്നാൽ പാമ്പുകൾ ചിലപ്പോൾ മനുഷ്യരെ ഉപദ്രവിച്ചുകൂടായ്കയുമില്ല. പാമ്പുകളെ കൊല്ലുന്നത് മലബാറിൽ സാമാന്യരൂപത്തിൽ ക്രൂരതയായാണ് കരുതപ്പെടുന്നത്. എന്തായാലും വളർത്തുമൃഗങ്ങളെപ്പോലെ പാമ്പുകളും വീടിനുമുറ്റത്ത് യഥേഷ്ടം സഞ്ചരിക്കുന്നത് മലബാറിൽ കാണാവുന്നതാണ്.

തന്റെ ഉദ്യാനത്തിൽ ജീവിക്കുന്ന പാമ്പുകളോട് ഹരിഹരശാസ്ത്രിക്ക് കേവലം ധാർമ്മികഭാവന അഥവാ സാമൂഹ്യ കാഴ്ചപ്പാട് മൂലമുള്ള പ്രേമം മാത്രമല്ല ഉള്ളത്. പാമ്പുകളോട് പ്രത്യേകം വാത്സല്യം തോന്നാൻ അദ്ദേഹത്തിന്റെ മനസ്സിൽ മറ്റൊരു കാരണം കൂടിയുണ്ട്. ഏതൊരു പാമ്പാണോ ആ പെൺകുട്ടിയുടെ കാലിനടുത്ത് ഓടിക്കളിച്ചത് ആ പാമ്പിനെ സ്വന്തം കുട്ടിയെപ്പോലെ പരിപാലിക്കണമെന്ന് ഹരിഹരശാസ്ത്രിയുടെ പിതാവ് മരണപ്പെടുന്ന സമയത്ത് അദ്ദേഹത്തോട് പറഞ്ഞിരുന്നു.

ഹരിഹരശാസ്ത്രിയുടെ പിതാവ് ഒരിക്കൽ വനാന്തർഭാഗത്തുകൂടി പോവുകയായിരുന്നു. മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നു. മഴയിൽ നിന്ന് രക്ഷനേടാൻ കരിമ്പനപ്പട്ടയാൽ നിർമ്മിച്ച ഒരു കുടയും പിടിച്ചാണദ്ദേഹം യാത്ര ചെയ്തിരുന്നത്. മഴ കാരണം തണുപ്പ് കൂടി വരികയായിരുന്നു. തണുപ്പിൽ നിന്ന് രക്ഷനേടാനായി മൃഗങ്ങളും സുരക്ഷിതസ്ഥലം നോക്കികൊണ്ടിരിക്കു കയായിരുന്നു. ഒരു നാഗഫണി വൃക്ഷത്തിനടുത്തുകൂടി (ഒരു തരം കള്ളിച്ചെടി) പോവുകയായിരുന്ന ഈ വൃദ്ധബ്രാഹ്മണന്റെ കുടക്കുള്ളിൽ നാഗത്തിന്റെ ഒരു കുഞ്ഞു വീണു. (തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(മുൻലക്കത്തിന്റെ തുടർച്ച)



# ഹിന്ദുസംഘടന എന്തുകൊണ്ട്? എങ്ങനെ?

സ്വാമി ശ്രദ്ധാനന്ദൻ
തർജ്ജമ : കെ. എം. രാജൻ

**തുടർന്നദ്ദേഹം എഴുതുന്നു.-**


**"ഭാരതത്തിലെ ആകെ മുസ്ലീങ്ങളിൽ 36 ശതമാനം അഥവാ രണ്ടുകോടി 40 ലക്ഷം മുസ്ലീങ്ങൾ ബംഗാളിലാണുള്ളത്. അവർ കൂടുതലും വടക്കുകിഴക്കൻ ജില്ലകളിലാണ് കണ്ടുവരുന്നത്. ബംഗാളിലെ പഠാൻ ഭരണാധികാരികളുടെ സമയത്ത് ഈ പ്രദേശങ്ങളിൽ അതിതീവ്രവും നിർബന്ധിതവുമായ പ്രചാരങ്ങൾ വിജയകരമായി നടന്നിരുന്നു. ഇവിടുത്തെ നിവാസികൾ പൂർണ്ണമായും ഹിന്ദുധർമ്മവുമായി സ്വാംഗീകരിച്ചിരുന്നു. ഒരു പക്ഷേ ആദ്യത്തെ മുസ്ലീം ആക്രമണസമയത്ത് അവരിൽ ഭൂരിഭാഗവും ബുദ്ധമതത്തിന്റെ ഒരു വികൃത രൂപത്തെ അനുകരിച്ചിരുന്നു. ഉന്നത ശ്രേണിയിലുണ്ടായിരുന്ന ഹിന്ദുക്കൾ അവരെ താഴ്ന്നവരായാണ് കണ്ടിരുന്നത്. അതിനാൽ വളരെ എളുപ്പത്തിൽ അവർ അള്ളാഹുവിന്റെ ദൃഷ്ടിയിൽ എല്ലാവരും സമാനരാണെന്നുള്ള മുസ്ലീങ്ങളുടെ അഭിപ്രായത്തിനു വശംവദരായിത്തീർന്നു. ചിലപ്പോൾ ഇത് നിർബന്ധിതരൂപത്തിലും നടന്നിരിക്കാം."**

**"ഇതിനുശേഷം കുറഞ്ഞ ജനസംഖ്യാനുപാതത്തിൽ വരുന്ന വ്യത്യസ്തമായ സ്ഥലം മലബാർ പ്രദേശമാണ്. ഇവിടെ പ്രാദേശികമായി മതം മാറ്റപ്പെട്ടവരുടെ വംശജർ മാപ്പിള എന്നറിയപ്പെടുന്നു. ഏഴാം നൂറ്റാണ്ടിൽ മലബാറിന്റെ സമുദ്രതീരങ്ങളിൽ സഞ്ചരിച്ചിരുന്ന അറബികൾ ഇവരെ ഇസ്ലാമിൽ ഉൾപ്പെടുത്തിയിരുന്നു. ഏതാനും പുതിയ മുസ്ലീങ്ങൾ ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു."**

**"ഇതുകൂടാതെ ഉത്തരഭാരതത്തിലേയും മുസ്ലീം ജനസംഖ്യയുടെ വേരുകൾ പൂർണ്ണമായും വൈദേശികമല്ല.**

**(തുടരും)**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദത്തിന്റെ ഋക് സംഖ്യ

പണ്ഡിറ്റ് യുധിഷ്ഠിർ മീമാംസക്

തർജ്ജമ : കെ.എം. രാജൻ

മുകളിൽ വിവരിച്ച ശ്ലോകങ്ങളനുസരിച്ച് ഋഗ്വേദത്തിൽ 2451 ഗായത്രീഛന്ദസ്സും, 341 ഉഷ്ണിക്ഛന്ദസ്സും, 855 അനുഷ്ടുപ് ഛന്ദസ്സും, 181 ബൃഹതീഛന്ദസ്സും, 312 പങ്ക്തിഛന്ദസ്സും, 4253 ത്രിഷ്ടുപ് ഛന്ദസ്സും, 1348 ജഗതീഛന്ദസ്സും 17 അതിജഗതീഛന്ദസ്സും, 19 ശക്വരീഛന്ദസ്സും, 9 അതിശക്വരീഛന്ദസ്സും, 6 അഷ്ടിഛന്ദസ്സും, 84 അത്യഷ്ടിഛന്ദസ്സും, 2 ധൃതിഛന്ദസ്സും, 1 അതിധൃതിഛന്ദസ്സും, 84 അത്യഷ്ടി ഛന്ദസ്സും, 2 ധൃതി ഛന്ദസ്സും, 1 അതിധൃതി ഛന്ദസ്സും, 6 ഏകപദാഛന്ദസ്സും, 17 ദ്വിപദാഛന്ദസ്സും, 194 ബാർഹതപ്രഗാഥഛന്ദസ്സുംം ഉണ്ട്. ഇപ്രകാരം തത്ത്വദർശികളായ മഹർഷിമാർ ഋഗ്വേദത്തിലെ സമസ്ത ഋചകളുടേയും സംഖ്യ 10402 ആണെന്നു പറയുന്നു.

ഛന്ദസംഖ്യാപരിശിഷ്ടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഋഗ്ഗണനയുടെ വിഷയത്തിൽ പണ്ഡിറ്റ് സത്യവ്രത സാമശ്രമി തന്റെ 'ഐതരേയാലോചന' എന്ന ഗ്രന്ഥത്തിന്റെ 143-ാം പേജിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "ഛന്ദഃസംഖ്യോല്ലിഖിതോക്തസർവ്വസംകലനസംഖ്യാ തു പ്രതിഛന്ദഃസംഖ്യാതോഽപി വിരുദ്ധൈവ പ്രതീയതേ। തദ്യഥാ തത്രോക്തം ശ്ലോകൈഃ ഗായത്ര്യഃ 2451, ഉഷ്ണിഹഃ 341, അനുഷ്ടുഭഃ 855, ബൃഹത്യഃ 181, പങ്ക്തയഃ 312, ത്രിഷ്ടുഭഃ 4253, ജഗത്യഃ 1348, അതിജഗത്യഃ 17, ശക്വര്യഃ 9, അഷ്ടയഃ 6, അത്യഷ്ടയഃ 84, ധൃത്യൗ 2, അതിധൃതിഃ 1, ദ്വിപദഃ 17, ഏകപദാഃ 16, ബാർഹതപ്രഗാഥാഃ 194, കകുപ്പ്രഗാഥാഃ 55, മഹാബാർഹതഉതപ്രഗാഥഃ1 । തദേവം തദുക്ത പ്രതിഛന്ദഃ സംഖ്യാനാം സംകലനയാ 10142 (ദ്വിചത്വാരിംശദധികശതോത്തരദശസഹസ്രം)। ഋചഃ സ്യുഃ । പൂർവ്വ പ്രദർശി തശ്ലോകതസ്തു ഗമ്യന്തേ 10402 (ദ്വ്യധികചതുഃ ശതോത്തരദശസഹസ്രം)। തദത്ര പ്രായഃ സർവ്വത്ര സംകലന ഭ്രമോഽസ്മാഭിർ ഗ്രന്ഥദൃഷ്ട്യാ പ്രമാണിത ഏവ"। (പേജ് 143) ഇതി। അതായത് ഛന്ദസംഖ്യ എന്നപേരിലുള്ള പരിശിഷ്ടത്തിൽ വിവരിച്ച എല്ലാ ഛന്ദസ്സുകളുടേയും സങ്കലനസംഖ്യ (പൂർണ്ണയോഗം) ഓരോ ഛന്ദസ്സിലും കാണിച്ചിട്ടുള്ള സങ്കലനത്തിൽ (യോഗം) നിന്ന് വിരുദ്ധമായാണ് പ്രതീതമാവുന്നത്, ഉദാഹരണമായി ശ്ലോകങ്ങളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു (തുടരും)

സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)

ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.



(മുൻലക്കത്തിന്റെ തുടർച്ച)

# ശ്രൗത കർമ്മകാണ്ഡത്തിന്റെ മഹത്വവും മഹർഷി ദയാനന്ദനും

ആചാര്യ ഉദയൻ മീമാംസക്
തർജ്ജമ : കെ.എം.രാജൻ

ഇക്കാര്യത്തിൽ അദ്ദേഹം പരിശ്രമം നടത്തിയതായി തോന്നുന്നുമുണ്ട്. എന്തെന്നാൽ സംസ്കാരവിധിയുടെ സാമാന്യപ്രകരണത്തിൽ ദർശപൗർണമാസേഷ്ടിയുമായി ബന്ധപ്പെട്ട പാത്രങ്ങളും അവയുടെ വിവരണവും കുണ്ഡനിർമ്മാണവിധികളും അടങ്ങിയ പദ്ധതിയെക്കുറിച്ച് "അഗ്നയേ ത്വാ ജുഷ്ടം നിർവപാമി അഗ്നയേ ത്വാ ജുഷ്ടം പ്രോക്ഷാമി" തുടങ്ങിയവ എഴുതിയത് സൂചിപ്പിക്കുന്നത് മഹർഷി ദർശപൗർണമാസേഷ്ടിയുടെ പ്രചാരണം ആഗ്രഹിച്ചിരുന്നുവെന്നാണ്. ഇതുമാത്രമല്ല, അദ്ദേഹം ഷാഹ്പുർ രാജാവായിരുന്ന നാഹർസിങ്ങിനെക്കൊണ്ട് ശ്രൗതാഗ്നി (ആഹവനീയം, ഗാർഹപത്യം, ദക്ഷിണാഗ്നി)യുടെ ആധാനം ചെയ്യിക്കുകയും നിത്യാഗ്നിഹോത്രവും ദർശപൗർണ്ണമാസേഷ്ടി ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. ആ പാരമ്പര്യം ഷാഹ്പൂർരാജാവിന്റെ വംശത്തിൽ നിരന്തരം നിലനിന്നിരുന്നു. ഇതിൽ നിന്നും മനസ്സിലാവുന്നത് ശ്രൗതസൂത്രങ്ങളിൽ പ്രതിപാദിച്ച യജ്ഞങ്ങളെ മഹർഷി മാനിച്ചിരുന്നുവെന്നും അവ പ്രചരിപ്പിക്കാൻ അദ്ദേഹം പ്രയത്നിച്ചിരുന്നുവെന്നുമാണ്. ഒരുപക്ഷെ, ആ രാജാവിനെക്കൊണ്ട് ഒരുസോമയാഗം ചെയ്യിക്കാനും മഹർഷിക്ക് ആഗ്രഹമുണ്ടായിരുന്നിരിക്കാം. എന്തെന്നാൽ അദ്ദേഹം അത്തരം യാഗങ്ങളുടെ പരാമ്പര്യം നിലനിർത്താൻ ആഗ്രഹിച്ചിരുന്നു. ഇക്കാരണത്താലാണ് മഹർഷി ദയാനന്ദൻ ആര്യോദ്ദേശ്യരത്നമാല, സത്യാർത്ഥപ്രകാശം, സംസ്കാരവിധി, ഋഗ്വേദാദിഭാഷ്യ ഭൂമിക, വേദഭാഷ്യങ്ങൾ എന്നീ ഗ്രന്ഥങ്ങളിൽ പലയിടത്തും അഗ്നിഹോത്രം മുതൽ അശ്വമേധപര്യന്തമെന്ന വാചകം ആവർത്തിച്ച് പ്രയോഗിച്ചത്. ഈ വാചകത്തെ ആവർത്തിച്ചു നൽകിയതിൽ നിന്നും വ്യക്തമാവുന്നത് അഗ്നിഹോത്രം മുതൽ അശ്വമേധം വരെയുള്ള ഏഴു ഹവിർയജ്ഞങ്ങളും ഏഴു സോമയാഗരൂപത്തിലുള്ള ശ്രൗതയജ്ഞങ്ങളും പ്രചരിപ്പിക്കാൻ മഹർഷി ആഗ്രഹിച്ചിരുന്നുവെന്നാണ്. ഇതുമാത്രമല്ല, അദ്ദേഹം ആറുവേദാംഗങ്ങൾ പ്രാമാണികവും പഠിക്കേണ്ടതുമാണെന്ന് അംഗീകരിച്ചിരുന്നു. കൽപ്പസൂത്രവും അതിൽ വരുന്ന ഒരു വേദാംഗമാണ്. ശ്രൗതസൂത്രങ്ങളും ഗൃഹ്യസൂത്രങ്ങളും അതിൽ അടങ്ങിയിട്ടുണ്ട് (ഇപ്രകാരം മനു തുടങ്ങിയവർ രചിച്ച മാനവ കൽപ്പസൂത്രങ്ങൾ തുടങ്ങിയവ ആശ്വാലായനൻ തുടങ്ങിയവരുടെ ശ്രൗതസൂത്രങ്ങളും.........പരതഃ പ്രമാണത്തിന് യോഗ്യമാണ് (ഋ.ഭാ.ഭൂ ഗ്രന്ഥപ്രാമാണ്യാപ്രാമണ്യ വിഷയഃ। ആശ്വലായന കൃതമായ ശ്രൗത-ഗൃഹ്യ, കൽപ്പസൂത്രങ്ങൾ മൂന്നു വർഷത്തിനുള്ളിൽ പഠിക്കേണ്ടതാണ് [(സംസ്കാരവിധി- വേദാരംഭ പഠന-പാഠന-വിധി) ശ്രൗതസൂത്രാഭിവിരുദ്ധത്രികണ്ഡികാസ്നാനവിധായകാദിസൂത്രങ്ങൾ- ത്യാജ്യമായി ഗണിക്കാൻ യോഗ്യമാണ്. (ഋ.ഭാ.ഭൂ.ഗ്രന്ഥപ്രമാണ്യാപ്രാമണ്യവിഷയഃ)] (തുടരും)

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).
വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.



(മുൻലക്കത്തിന്റെ തുടർച്ച)


# അഷ്ടാദ്ധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

സൂത്രം 62 : ന ലുമതാങ്ഗസ്യ ।
അനു- പ്രത്യയലോപേ പ്രത്യയലക്ഷണമ് ।
സൂ. 63 : അചോഽന്ത്യാദി ടി ।
അനു- ഇല്ല.
സൂ.64 : അലോഽന്ത്യാത്പൂർവ്വ ഉപധാ ।
അനു- ഇല്ല.
സൂ. 65 : തസ്മിന്നിതി നിർദ്ദിഷ്ടേ പൂർവ്വസ്യ ।
അനു- ഇല്ല.
സൂ. 66 : തസ്മാദിത്യുത്തരസ്യ ।
അനു- നിർദ്ദിഷ്ടേ ।
സൂ.67 : സ്വം രൂപം ശബ്ദസ്യാശബ്ദസംജ്ഞാ ।
അനു - ഇല്ല.
സൂ.68 : അണുദിത്സവർണസ്യ ചാപ്രത്യയഃ ।
അനു- സ്വം രൂപമ് ।
സൂ.69 : തപരസ്തത്കാലസ്യ ।
അനു- സവർണസ്യ, സ്വം രൂപമ് ।
സൂ.70 : ആദിരന്ത്യേന സഹേതാ ।
അനു- സ്വം രൂപമ് ।
സൂ.71 : യേന വിധിസ്തദന്തസ്യ ।
അനു- സ്വം രൂപമ് ।
സൂ.72. : വൃദ്ധിർയസ്യാചാമാദിസ്തദ് വൃദ്ധമ് ।
അനു- ഇല്ല.
സൂ. 73 : ത്യദാദീനി ച ।
അനു : വൃദ്ധമ് ।
സൂ. 74 : ഏങ് പ്രാചാം ദേശേ ।
അനു - യസ്യാചാമാദി, വൃദ്ധമ് ।

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !



(മുൻലക്കത്തിന്റെ തുടർച്ച)

# മാപ്പിള ലഹള: തിരനോട്ടം 2

എ. വിനോദ് (സഹ സംയോജകൻ, 1921 മാപ്പിള
കലാപ രക്തസാക്ഷിത്വ ശതാബ്ദി അനുസ്മരണസമിതി)

## ലഹളയും ഗാന്ധിജിയും

ഹിന്ദു പിന്തുണക്ക് പ്രത്യുപകാരമായി ഗോഹത്യക്ക് എതിരെ ഡൽഹി ഇമാം ഫത്വകൾ ഇറക്കി. മലബാറിൽ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപപ്പെട്ട ഖിലാഫത്ത് പ്രസ്ഥാനത്തിൽ മതതീവ്രവാദികൾ നുഴഞ്ഞു കയറി, സമരം അക്രമത്തിലേക്കും കൊള്ളയിലേക്കും ,കൊള്ളിവെപ്പിലേക്കും നിർബന്ധിത മതപരിവർത്തനത്തിലേക്കും വഴിമാറിയപ്പോൾ സമരത്തെ ന്യായീകരിക്കാൻ ഗാന്ധിജി തയ്യാറായില്ല എന്ന് മാത്രമല്ല, നിശിതമായി വിമർശിക്കുകയും ചെയ്തു. 1921 സപ്തംബർ 25 ന് ആണ് മനുഷ്യ മനസാക്ഷിയെ നടുക്കിയ തുവ്വൂർ കൂട്ടക്കൊല നടന്നത്. അതിനും മൂന്ന് ദിവസം മുമ്പ് പ്രസിദ്ധീകരിച്ച യങ് ഇന്ത്യയിൽ ഗാന്ധിജി ഇങ്ങനെയെഴുതി. ' അവിടെ മലബാറിൽ സംഭവിക്കുന്ന കാര്യങ്ങൾ നമ്മുടെ മനസ്സിനെ കാർന്നുതിന്നുന്നു. നമ്മുടെ മാപ്പിള സഹോദരൻമാർക്ക് ഭ്രാന്തു പിടിച്ചു പോയി എന്നോർക്കുമ്പോൾ എന്റെ ഹൃദയത്തിൽ നിന്നും രക്തം വാർന്നൊഴുകുകയാണ്. 'തുവ്വൂർ കൂട്ടക്കൊലക്ക് മുമ്പും ഇത്തരം നിരവധി പൈശാചിക സംഭവങ്ങൾ നടന്നിരുന്നു എന്നതിന്റെ സാക്ഷ്യപ്പെടുത്തൽ കൂടിയാണ് ഗാന്ധിജിയുടെ വിലാപം. ഒരു മാസം കഴിഞ്ഞ് സംഭവങ്ങളുടെ കൂടുതൽ വസ്തുതകൾ ശേഖരിച്ചതിന് ശേഷം 1921 ഒക്ടോബർ 20 ന് പ്രസിദ്ധീകരിച്ച യങ് ഇന്ത്യയിൽ ലഹളയുടെ അർഥം എന്ന പേരിൽ എഴുതിയ ലേഖനത്തിൽ ലഹള നൽകുന്ന വളരെ പ്രധാനപ്പെട്ട മൂന്ന് പാഠങ്ങൾ ഗാന്ധിജി ഇങ്ങനെ പറയുന്നു. പാഠം ഒന്ന്: 'എത്ര കടുത്ത (മുസ്ലിം) മത ഭ്രാന്ത് പൊട്ടി പുറപ്പെട്ടാലും സ്വന്തം മതത്തെ സംരക്ഷിക്കുന്നതിന് സാധിക്കും എന്ന വിശ്വാസം, ആ ധൈര്യം ഹിന്ദുക്കൾക്ക് ഉണ്ടാവണം. മുസൽമാൻമാർ മാപ്പിളമാരുടെ ( മലബാറിലെ മുസ്ലീങ്ങളുടെ ) മതഭ്രാന്തിനെ വെറുതെ വാക്കുകൾ മാത്രം കൊണ്ട് നിന്ദിക്കാൻ ഒരുങ്ങിയാൽ അത് മുസൽമാന്റെ സൗഹാർദ്ദ മനോഭാവത്തിന് തെളിവാകുകയില്ല. കൊള്ളയും നിർബന്ധിച്ചുള്ള മതപരിവർത്തനവുമൊക്കെ കാട്ടിക്കൂട്ടിയ മാപ്പിളമാരുടെ നടപടിയെ കുറിച്ച് മുസൽമാൻമാർക്ക് സ്വഭാവികമായി തന്നെ ലജ്ജ തോന്നണം. (തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ആര്യസമാജം ശതാബ്ദി ആഘോഷ ഗീതം പ്രകാശനം, വാല്മീകി രാമായണം പുരസ്കാരദാനം, ആചാര്യ ചതുർഭുജ് ആര്യ അനുസ്മരണം.

വാല്മീകി രാമായണത്തെ അടിസ്ഥാനമാക്കി ആഗസ്റ്റ് 1 ന് കാറൽമണ്ണ വേദഗുരുകുലം സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ വാൽമീകി രാമായണം ഓൺലൈൻ പരീക്ഷയുടെ വിജയികൾക്കുള്ള പുരസ്കാര ദാനവും വേദഗുരുകുലത്തിന്റെ ആദ്യത്തെ ആചാര്യനും ആര്യജഗത്തിലെ ഉന്നത വ്യാകരണ പണ്ഡിതനുമായിരുന്ന ആചാര്യ ചതുർഭുജ് ആര്യയുടെ അനുസ്മരണവും ആഗസ്റ്റ് 30 ന് തിങ്കളാഴ്ച കാലത്തു വേദഗുരുകുലത്തിൽ വെച്ചു നടന്നു. ഭാരതീയ വിദ്യാനികേതൻ പാലക്കാട് ജില്ലാ അധ്യക്ഷൻ പ്രൊഫ. എം. കെ. നാരായണൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ നടന്ന ഓൺലൈൻ ചടങ്ങിൽ കാറൽമണ്ണ വേദഗുരുകുലം കുലപതി പണ്ഡിതരത്നം ഡോ. പി. കെ. മാധവൻ രാമായണം ഓൺലൈൻ പരീക്ഷയുടെ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ വിജയികൾക്കുള്ള പുരസ്കാര ദാനം നിർവഹിച്ചു. ആര്യസമാജം ശതാബ്ദി ആഘോഷ ഗീതം പ്രകാശനം രാഷ്ട്രീയ സ്വയം സേവക സംഘം പ്രാന്തീയ കാര്യകാരി സദസ്യൻ ശ്രീ. പി. ഗോപാലൻ കുട്ടി മാസ്റ്റർ നിർവഹിച്ചു. ചെർപ്പുളശ്ശേരി നഗരസഭാംഗം ശ്രീമതി. കെ. രജനി, ആചാര്യ വിശ്വശ്രവ (പ്രധാനാചാര്യൻ, വേദഗുരുകുലം), ആചാര്യ വാമദേവ് ആര്യ (ഉപാചാര്യൻ വേദഗുരുകുലം) എന്നിവർ ആശംസകൾ നൽകി. ആര്യപ്രചാരകനും കാറൽമണ്ണ വേദഗുരുകുലം അധിഷ്ഠാതാവുമായ ശ്രീ. കെ. എം. രാജൻ സ്വാഗതവും വേദഗുരുകുലം അധ്യക്ഷൻ ശ്രീ. വി ഗോവിന്ദ ദാസ് മാസ്റ്റർ നന്ദിയും പ്രകാശിപ്പിച്ചു. ബ്രഹ്മചാരി മിഥുൻ ആര്യ ശാന്തി പാഠവും ചൊല്ലി. ആര്യസമാജം ശതാബ്ദി ആഘോഷ ഗീതം ഈ ലിങ്കിൽ https://youtube/FB1de3ObyWM ലഭ്യമാണ്. ഈ ഗാനത്തിന്റെ രചന ശ്രീ. കെ. കെ. ജയൻ ആര്യയും ആലാപനം ശ്രീമതി. വേദരശ്മി അനിൽ, ശ്രീമതി. സരളാദേവി എന്നിവരുമാണ്.






യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)
രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.

*Date of Publication 10/09/2021*
*REGISTERED NO. OTTAPALAM/5/2020-23*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ -Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
6. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
7. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
8. ആര്യോദ്ദേശ്യരത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. സംശയനിവാരിണി -Rs. 200.00
   ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
10. വേദപ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 40.00
11. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 60.00
12. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
13. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
14. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
15. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
16. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
17. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00
18. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി,
    തർജ്ജമ : പി. നാരായണൻ - Rs. 150.00

(തപാൽ ചെലവ് പുറമെ)

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ
6. വാല്മീകിയുടെ രാമൻ : സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com Phone: 7907077891, 9562529095**